**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4073** **15-07-2022 - ൽ മറുപടിയ്ക്ക്**

**വട്ടോളി ഗവ.യു.പി.സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ സ്കൂളുകളുടെ നിർമ്മാണ നിർവ്വഹണത്തിനുള്ള എസ്.പി.വി. ആയി ചുമതലപ്പെടുത്തിയ കില യിൽ ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല,<br><br>13.05.2022 തീയതിയിലെ ജി.ഒ(ആർ.റ്റി)നം.2960/2022/പൊ.വി.വ ഉത്തരവ് പ്രകാരം, ലഭ്യമായ മൂന്ന് കോടിയുടെ പദ്ധതിയിൽ ഉൾപ്പെടുന്ന 200 സ്കൂളുകളുടെ പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ,കില കിഫ്ബി പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ, സൈറ്റ് സൂപ്പർവിഷനുവേണ്ടി കൺസൾട്ടൻസി അടിസ്ഥാനത്തിൽ അധികമായി 21 പ്രോജക്റ്റ് കൺസൾട്ടന്റുമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കില എസ്.പി.വി. ആയി നിർമ്മാണ നിർവ്വഹണം നടത്തുന്ന വട്ടോളി ഗവ.യു.പി.സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ബി) | കില എസ്.പി.വി. ആയി നിർമ്മാണ നിർവ്വഹണം നടത്തുന്ന വട്ടോളി ഗവ.യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവർത്തിയുടെ നിർമ്മാണ കരാർ 288/CL-15/CMPMU/KILAKIIFB/2021-2022 Dated 17/06/2022 പ്രകാരം ഒപ്പ് വെച്ചിട്ടുള്ളതും,24/06/2022ൽ വർക്ക് ഓർഡർ നല്കിയിട്ടുള്ളതും ആകുന്നു .പ്രവർത്തിയുടെ കാലാവധി 9 മാസം ആണ്. ഈ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ